പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 997 01.03.2017-ലെ മറുപടി

കരിമ്പുഴ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | കരിമ്പുഴ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചത്; അടങ്കൽ തുക എത്രയായിരുന്നു; എത്ര പേർക്ക് അതിന്റെ ഗുണഫലം ലഭ്യമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | എ | കരിമ്പുഴ കുടിവെള്ള പദ്ധതിക്ക് നബാർഡ് സഹായത്തോടെയുള്ള പ്രവൃത്തി ആരംഭിച്ചത് 2008-ലാണ്. ഈ പദ്ധതിയുടെ അടങ്കൽ തുക 1267 ലക്ഷമാണ്. ഇത് കൂടാതെ നാഷണൽ റൂറൽ ഡ്രിംഗിംഗ് വാട്ടർ പ്രോഗ്രാം (എൻ.ആർ.ഡി.ഡബ്ല്യൂ.പി) യിൽ എ.സി പൈപ്പ് മാറ്റുന്നതിന് 2013-ൽ 480 ലക്ഷം രൂപയും 2014ൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടേയും അനുമതി ലഭിച്ചിരുന്നു. ഈ പദ്ധതി മൂലം 51248 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| ബി | കരിമ്പുഴ പഞ്ചായത്തിലെ എല്ലാ മേഖലയിലേക്കും കുടിവെള്ളം എത്തിക്കാൻ പ്രസ്തുത പദ്ധതി മുഖേന കഴിഞ്ഞുവോ; ഇല്ലെങ്കിൽ ഇനി ഏതെല്ലാം മേഖലകളിലേക്ക് കുടിവെള്ളം എത്തിക്കേണ്ടതുണ്ട്; | ബി | ഇല്ല. നബാർഡ്/എൻ.ആർ.ഡി.ഡബ്ല്യൂ.പി ധനസഹായ ത്തോടുകൂടിയുള്ള പ്രവർത്തികളിലായി ആകെ 107 കി.മീ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. നാഷണൽ റൂറൽ ഡ്രിംഗിംഗ് വാട്ടർ പ്രോഗ്രാം (എൻ.ആർ.ഡി.ഡബ്ല്യൂ.പി) യിൽ രണ്ട് വർഷമായി അനുവദിച്ച തുകയിൽ മിച്ചം വന്ന 287 ലക്ഷം രൂപ ഉപയോഗിച്ച് 43 കി.മീ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. ഇതുകൂടി പൂർത്തീകരിച്ചാൽ കരിമ്പുഴ പഞ്ചായത്തിലെ 90 ശതമാനം പ്രദേശത്തേയ്ക്കും കുടിവെള്ളം എത്തിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| സി | നിലവിൽ ഏതു സ്കീം പ്രകാരമാണ് കരിമ്പുഴ പഞ്ചായത്തിൽ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ; അതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നറിയിക്കാമോ? | സി | എൻ.ആർ.ഡി.ഡബ്ല്യൂ.പി യിൽ 2013-14 വർഷങ്ങളിൽ അനുവദിച്ച തുകയിൽ മിച്ചം വന്ന തുക ഉപയോഗിച്ചാണ് ഇപ്പോൾ പ്രവൃത്തി നടന്നു വരുന്നത്. എൻ.ആർ.ഡി.ഡബ്ല്യൂ.പി യിൽ 2013 പദ്ധതിയിൽ മിച്ചം വന്ന 89.84 ലക്ഷം രൂപയുടെ പ്രവൃത്തിയും എൻ.ആർ.ഡി.ഡബ്ല്യൂ.പി 2014 പദ്ധതിയിൽ മിച്ചം വന്ന തുക ഉപയോഗിച്ച് 110.58 ലക്ഷം രൂപയുടെ പ്രവൃത്തിയും നടന്നു വരുന്നു. ടി പ്രവൃത്തികൾക്കായി നാളിതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല. |

Renuka Sankar

സെക്ഷൻ ഓഫീസർ